# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

എപ്രിൽ 13, 2017

## മഹാരാഷ്ട്രയിൽ, അഹമ്മദ്നഗറിലുള്ള ജംഖെദ് മെർച്ചന്റസ് സഹകരണ ബാങ്ക്ലിമിറ്റഡിനെതിരെ, ആർബിഐ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണ നിർദ്ദേശങ്ങൾ ദീർഘിപ്പിച്ചു.

2016 എപ്രിൽ 7 ലെ ഉത്തരവനുസരിച്ച് മഹാരാഷ്ട്രയിലെ അഹമ്മദ് നഗറിലുള്ള ജംഖദ് മെർച്ചന്റ്സ് സഹകരണബാങ്ക് ലിമിറ്റഡിനെ 2016 എപ്രിൽ 12 ബിസിനസ്സ് സമയം അവസാനിച്ചതുമുതൽ ആറുമാസക്കാലത്തേയ്ക്ക് നിയന്ത്രണനിർദ്ദേശങ്ങൾക്ക് വിധേയമാക്കിയിരുന്നു. 2016 ഒക്ടോബർ 6 നു പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം, ഈ നിർദ്ദേശങ്ങളുടെ പ്രാബല്യം 2016 ഒക്ടോബർ 13 മുതൽ 2017 എപ്രിൽ 12 വരെ നീട്ടിയിരുന്നു. 2017 എപ്രിൽ 6 ലെ ഉത്തരവനുസരിച്ച് മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിയന്ത്രണനിർദ്ദേശങ്ങൾ, പുനരവലോകനത്തിനു വിധേയമായി, രണ്ടു മാസക്കാലത്തേയ്ക്ക് കൂടി, 2017 ജൂൺ 12 വരെ, നീട്ടിയിരിക്കുന്നു.

സൂചിപ്പിക്കപ്പെട്ടിട്ടുള്ള ഉത്തരവുകളിലെ മറ്റു നിർദ്ദേശങ്ങളും വ്യവസ്ഥകളും മാറ്റമില്ലാതെ തുടരും. മുകളിൽപറഞ്ഞിരിക്കുന്ന ദീർഘിപ്പിക്കലും, മാറ്റങ്ങളും കാണിക്കുന്ന 2017 എപ്രിൽ 6 ലെ ഉത്തരവിന്റെ കോപ്പി പൊതുജനങ്ങൾ വായിച്ചറിയാൻ വേണ്ടി ബാങ്ക് മന്ദിരത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന ദീർഘിപ്പിക്കൽ ഉത്തരവ് മൂലം, സഹകരണ ബാങ്കിന്റെ ധനസ്ഥിതിയിൽ കാര്യമായ മെച്ചമുണ്ടായതായി, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക് ഒരുതരത്തിലും ബോദ്ധ്യം വന്നിട്ടുള്ളതായി കരുതേണ്ടതില്ല.

**അജിത് പ്രസാദ്**

പ്രസ്സ് റിലീസ് 2016-2017/2776 അസിസ്റ്റന്റ് അഡ്വൈസർ